## പതിമൂന്നാം കേരളനിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 391** **19.03.2013 ൽ മറുപടിയ്ക്ക്**

## സോളാർ ഉത്പന്നങ്ങളുടെ പ്രചരണത്തിനായി സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| കടുത്ത ഊർജ്ജ പ്രതിസന്ധി നേരിടുന്ന കേരളത്തിൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന സോളാർ ഉല്പന്നങ്ങളുടെ പ്രചരണത്തിനായി എന്തൊക്കെ പ്രവർത്തനങ്ങളും സഹായങ്ങളുമാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ? | സോളാർ ഉല്പന്നങ്ങളുടെ പ്രചരണത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.<br>1. കേരളത്തിൽ 1 കിലോവാട്ട് സ്ഥാപിത ശേഷിയുള്ള 10000 ഓഫ്ഗ്രിഡ് റൂഫ്ടോപ്പ് സോളാർ പവർ പ്ലാന്റുകൾ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ ധനസഹായത്തോടെ നടപ്പിലാക്കി വരുന്നു.<br>2. സംസ്ഥാനത്ത് 28000 സൂര്യറാന്തലുകൾ വിതരണം ചെയ്തു വരുന്നു.<br>3. 1400 സൗരോർജ്ജ തെരുവ് വിളക്കുകൾ കേരളത്തിലെ 14 മുൻസിപ്പാലിറ്റികളിൽ സ്ഥാപിച്ച് വരുന്നു.<br>4. കേന്ദ്ര പാരമ്പര്യേതര ഊർജ്ജ വകുപ്പ് നടപ്പിലാക്കുന്ന ജവഹർലാൽ നെഹ്റു നാഷണൽ സോളാർ മിഷൻ പദ്ധതി അനുസരിച്ച് സംസ്ഥാനത്ത് നടപ്പിലാക്കുന്ന സൗരോർജ്ജ പദ്ധതികൾക്ക് സബ്സിഡി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ